**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : T 964

10.02.2016 -ന് മറുപടിയ്ക്ക്

**മുഖാരി-മൂവാരി സമുദായം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | | ശ്രീ. എ.പി. അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) | മുഖാരി-മൂവാരി സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് 13-ാം കേരള നിയമസഭയുടെ 11-ാം സമ്മേളനത്തിൽ 2595 നമ്പർ ആയി ഉള്ള ചോദ്യത്തിന് സാങ്കേതിക വിദഗ്ധർ ഇല്ലാത്തതിനാൽ റിപ്പോർട്ട് നല്കാൻ കഴിയില്ലെന്ന് അറിയിച്ച സാഹചര്യത്തിൽ ഇതിനാവശ്യമായ ഉദ്യോഗസ്ഥരെ കിർത്താഡ്സിൽ നിയമിച്ചിട്ടുണ്ടോ എന്നും കിർത്താഡ്സ് ഇതിനാവശ്യമായ റിപ്പോർട്ട് നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ; | എ), ബി) & സി) | നിയമിച്ചിട്ടില്ല. പ്രസ്തുത സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് കിർത്താഡ്സിൽ നിന്ന് റിപ്പോർട്ട് ലഭിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ പരിശോധിച്ച് സർക്കാരിലേയ്ക്ക് ശുപാർശ ചെയ്താൽ മാത്രമേ സർക്കാരിന് ഈ വിഷയം പരിഗണിയ്ക്കുവാൻ കഴിയൂ. |
| ബി) | എങ്കിൽ റിപ്പോർട്ട് പ്രകാരം സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽപ്പെടുത്താൻ സ്വീകരിച്ച തുടർ നടപടികൾ വിവരിക്കാമോ; | | |
| സി) | ഇല്ലാത്ത പക്ഷം റിപ്പോർട്ട് ഒഴിവാക്കി പ്രസ്തുത വിഭാഗത്തെ ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെടുത്താൻ നടപടി എടുക്കുമോ? | | |

**സെക്ഷൻ ഓഫീസർ**